## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ. ഹരിത വി കുമാർ.ഐ.എ.എസ് )**

വിഷയം:- വനിത ശിശു വികസന വകുപ്പ് – 2025-26- സംസ്ഥാന വിഹിതം ഹോണറേറിയം 2026 മാർച്ച് വരെ ചെലവഴിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ചുത്തരവാകുന്നു .

പരാമർശം: 1. ഈ കാര്യാലയത്തിലെ 01/03/2025 ലെ DWCD/1358/2025-A3 നമ്പർ കത്ത്

2 11/06/2025 ലെ DWCD/3619/2025-ICDS-A3 നമ്പർ കുറിപ്പ്

3 ഈ കാര്യാലയത്തിലെ 18/06/2025, 21/11/2025 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.

4 ഈ കാര്യാലയത്തിലെ 06/12/2025 ലെ DWCD/2424/2025-ICDSB6 നമ്പർ കത്ത്

5. സ.ഉ. നം. 10184/2025 /ധന തീയതി 20/12/2025

**ഉത്തരവ് നം: DWCD/3659/2025-ICDSB6 തീയതി: 08-01-2026**

വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ സ്പാർക്ക് മുഖേന അനുവദിച്ചു വരുന്ന സംസ്ഥാന വിഹിത ഹോണറേറിയം 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2235-02-102-55-00-02-04 NPV Consolidated Pay ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൻ പ്രകാരം 2026 ജനുവരിവരെ അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിതം ഹോണറേറിയം, ഉത്സവ ബത്ത എന്നീ ഇനത്തിൽ ആവശ്യമായി വരുന്ന ആകെ 4,12,01,28,000/-രൂപ (നാനൂറ്റി പന്ത്രണ്ട് കോടി ഒരു ലക്ഷത്തി ഇരുപത്തി ഏട്ടായിരം രൂപ മാത്രം) 14 ജില്ലകളിലെ S C O മാർ ക്കും 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നും പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

പരാമർ ശം (5) പ്രകാരം 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 36,00,00,000/- രൂപ (മുപ്പത്തിയാറ് കോടി രൂപ)വകയിരുത്തിയിട്ടുണ്ട്.

2026 ഫെബ്രുവരി മാസത്തെ (2026 മാർച്ചിൽ ചെലവഴിക്കുന്നത്) അധിക സംസ്ഥാന വിഹിത ഹോണറേറിയം വിതരണം ചെയ്യുന്നതിനായി ആവശ്യമായ ആകെ തുക 45,04,32,000/- (നാൽപ്പത്തിയഞ്ചു കോടി നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ ) 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്ന് ചുവടെ ചേർത്ത പട്ടിക പ്രകാരം 14 ജില്ലകളിലേക്ക് അനുവദിച്ചുത്തരവാകുന്നു.

ഓ2025-26 സാമ്പത്തിക വർഷം ( 2026 ഫെബ്രുവരി  വരെ )അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്കുള്ള ഹോണറേറിയം  ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കേണ്ട തുക

2235-02-102-55-00-02-04 NV Consolidated Pay

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി വർക്കർമാരുടെ ഒരു മാസത്തെ ഹോണറേറിയം തുക 7300/- രൂപാ നിരക്കിൽ | അങ്കണവാടി ഹെൽപ്പർമാരുടെ ഒരു മാസത്തെ ഹോണറേറിയം തുക 6300/- രൂപാ നിരക്കിൽ | ഹോണറേറിയം ഇനത്തിൽ 1 മാസത്തേയ്ക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 22345300 | 19284300 | 41629600 |
| 2 | കൊല്ലം | 2723 | 19877900 | 17154900 | 37032800 |
| 3 | ആലപ്പുഴ | 2150 | 15695000 | 13545000 | 29240000 |
| 4 | പത്തനംതിട്ട | 1389 | 10139700 | 8750700 | 18890400 |
| 5 | കോട്ടയം | 2050 | 14965000 | 12915000 | 27880000 |
| 6 | ഇടുക്കി | 1561 | 11395300 | 9834300 | 21229600 |
| 7 | എറണാകുളം | 2858 | 20863400 | 18005400 | 38868800 |
| 8 | തൃശൂർ | 3016 | 22016800 | 19000800 | 41017600 |
| 9 | പാലക്കാട് | 2838 | 20717400 | 17879400 | 38596800 |
| 10 | മലപ്പുറം | 3808 | 27798400 | 23990400 | 51788800 |
| 11 | കോഴിക്കോട് | 2938 | 21447400 | 18509400 | 39956800 |
| 12 | വയനാട് | 876 | 6394800 | 5518800 | 11913600 |
| 13 | കണ്ണൂർ | 2504 | 18279200 | 15775200 | 34054400 |
| 14 | കാസർഗോഡ് | 1348 | 9840400 | 8492400 | 18332800 |
|  | ആകെ | 33120 | 241776000 | 208656000 | 450432000 |

മേൽ പറഞ്ഞ പ്രകാരമുള്ള തുകയിൽ നിന്ന് SCO മാർ ഈ ഇനത്തിൽ ആവശ്യമുള്ള അലോട്ട്മെൻറ് അതാതു മാസം ബന്ധപ്പെട്ട DDO മാർക്ക് അനുവദിച്ചു നൽകേണ്ടതാണ്. മാസത്തെ അവസാന പ്രവർത്തി ദിവസത്തെ അങ്കണവാടി പ്രവർത്തകരുടെ ഹാജർ നിലയുടെ അടിസ്ഥാനത്തിൽ DDO മാരിൽ നിന്ന് ഹോണറേറിയം നൽകുന്നതിനു ആവശ്യമായ അലോട്ട്മെന്റ് റിക്വസ്റ്റ് ശേഖരിക്കേണ്ടതും ആദ്യ രണ്ടു പ്രവർത്തി ദിനങ്ങൾക്കുള്ളിൽ തന്നെ ആവശ്യപ്പെട്ട അലോട്ട്മെന്റ് പ്രകാരമുള്ള തുക ബന്ധപ്പെട്ട DDO മാർക്ക് അനുവദിച്ചു നൽകേണ്ടതുമാണ്.

അനുവദിക്കുന്ന തുക കൃത്യമായി ചെലവഴിക്കുന്നുവെന്നു BAMS പ്രകാരം പരിശോധിക്കേണ്ടതും ഹോണറേറിയം അനുവദിക്കുന്നതിന് വീഴ്ചയോ കാലതാമസമോ ഉണ്ടാകുന്നില്ലായെന്നും, സംസ്ഥാനവിഹിത ഹോണറേറിയം 2235-

**02-102-55-00-02-04 NP V Consolidated Pay** ശീർഷകത്തിൽ നിന്നു മാത്രമേ അനുവദിയ്ക്കുന്നുള്ളുവെന്നും, ശീർഷകം മാറി തുക ചെലവഴിക്കുന്നില്ലെന്നും **SCO** മാർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ
2. പ്രോഗ്രാം ഓഫീസർമാർക്ക്
3. ശിശു വികസന പദ്ധതി ഓഫീസർമാർക്ക്
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്